പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2845** **18.06.2019-ൽ മറുപടിക്ക്**

**കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഇതിനകം പൂർത്തിയായിട്ടുണ്ട്; | (എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ)<br>2. പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ)<br>3. ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ്( 45.40 കി.മീ)<br>4. ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ)<br>5. പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ)<br>6. പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) |
| (ബി) സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴക്കൂട്ടം - അടൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നറിയിക്കുമോ; | (ബി) പ്രവൃത്തിയുടെ ആദ്യഘട്ടത്തിൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും റോഡ് സുരക്ഷാ മാനദണ്ഡമനുസരിച്ചുള്ള ജംഗ്ഷൻ ഡിസൈൻ നാറ്റ്പാക് മുഖേന തയ്യാറാക്കി ലഭിക്കുന്നതിനുമുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നതിനു തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (സി) ലോകബാങ്ക് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനുള്ള കാരണം എന്താണ്; വ്യക്തമാക്കുമോ; | (സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന് പ്രധാന കാരണം സ്ഥലമെടുത്ത് കിട്ടുന്നതിൽ വരുന്ന കാലതാമസമാണ്. |
| (ഡി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ നിശ്ചയിച്ച പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം ഇ.പി.സി. രീതിയിലേക്ക് മാറ്റിയത് എന്ത്കൊണ്ടാണ്; | (ഡി) മറ്റ് സംസ്ഥാനങ്ങളിലും, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുമുള്ള പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്കു നേരിട്ട ബുദ്ധിമുട്ടുകളുടെ |

| | |
|---|---|
| | അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക്, ടി പ്രവൃത്തി പിപിപി മാതൃകയിൽ നടപ്പിലാക്കാൻ അനുമതി നൽകാത്തതിനാലാണ് ലോകബാങ്കിന്റെ അംഗീകാരത്തോടെ ഇപിസി മാതൃകയിലാക്കാൻ തീരുമാനിച്ചത്. |
| (ഇ) പ്രസ്തുത റോഡ് നിർമ്മാണം ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കുമോ? | (ഇ) പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് തുറന്ന് സാങ്കേതിക പരിശോധന നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ